LIBRARY ARCHIVES Kerala Legislative Assembly

അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റം

82 (7028) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള സീനിയോറിറ്റി കണക്കാക്കുന്നത് എന്തൊക്കെ മാനദണ്ഡമനുസരിച്ചാണ് ;

(ബി) 16-3-1996-ലെ ജി.ഒ.(എംഎസ്.)11/96/P&ARD നമ്പർ ഉത്തരവ് അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള സീനിയോറിറ്റി കണക്കാക്കുന്നതിന് ബാധകമാണോ ; പുതുതായി ഏതെങ്കിലും ഉത്തരവ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ കോപ്പി ലഭ്യമാക്കാമോ ;

(സി) പ്രസ്തുത ഉത്തരവ് ബാധകമാണെങ്കിൽ ഇതിനു വിരുദ്ധമായി അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള ഓൺലൈൻ അപേക്ഷയും സർക്കുലറും പുറപ്പെടുവിക്കാനുള്ള സാഹചര്യം എന്താണ് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

അധ്യാപകരുടെ ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ

83 (7029) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 വർഷത്തെ അധ്യാപകരുടെ ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ 14-6-2014-ന് മുമ്പായി പൂർത്തിയാക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നുവോ ;

(ബി) ഏതെല്ലാം ജില്ലകളിൽ സമയപരിധിക്കകം ഇത് പൂർത്തിയാക്കിയിട്ടുണ്ട് ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 2013-14 വർഷത്തെ അധ്യാപകരുടെ ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ 14-6-2014-ന് മുമ്പായി പൂർത്തിയാക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നെങ്കിലും 2013-14 ലെ തസ്തികനിർണ്ണയം പൂർത്തിയാകാത്തതിനാൽ ഇതിലേക്കായിട്ടുള്ള ഒഴിവുകൾ തിട്ടപ്പെടുത്തുവാൻ സാധിച്ചിരുന്നില്ല. ആയതിനാൽ സമയപരിധിക്കകം അന്തർജില്ലാ സ്ഥലംമാറ്റം ജില്ലകളിൽ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനായി വിഹിതം ചെയ്ത ഒഴിവുകൾ ലഭ്യമെങ്കിൽ അടിയന്തര നടപടി സ്വീകരിക്കാൻ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.